പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1733</u> — <u>16.06.2014 -ൽ മറുപടിയ്ക്ക്</u>

## ബാറുകൾ അടച്ചുപൂട്ടുന്നതും തുറക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രതിസന്ധി

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ<br>„ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>„ കെ. ദാസൻ<br>„ ബാബു എം. പാലിശ്ശേരി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടുന്നതും തുറക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രതിസന്ധി എന്താണെന്നും ഇതിനാധാരമായ പ്രശ്നം എന്തായിരുന്നുവെന്നും വിശദമാക്കുമോ ;<br>(ബി) ഇക്കാര്യത്തിൽ സ്വീകരിക്കപ്പെട്ട ഏത് നടപടിയാണ് പ്രതിസന്ധിയിലേക്ക് നയിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) & (ബി) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടുന്നതും തുറക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിസന്ധി ഒന്നും നിലവിലില്ല. 06.03.2014 ലെ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ, C&AG റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന, നിലവാരമില്ലാത്ത ഹോട്ടലുകളുടെ ബാർ ലൈസൻസ് പുതുക്കി നൽകുന്നത്, നയപരമായ തീരുമാനം എടുക്കുന്നതു വരെ മാറ്റി വച്ചിട്ടുണ്ട്. |
| (സി) മുൻവർഷം പുതുക്കി നൽകിയിട്ടുണ്ടായിരുന്ന എത്ര ബാറുകളുടെ ലൈസൻസുകളാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പു കാലഘട്ടത്തിൽ പുതുക്കി നൽകാതിരുന്നതെന്ന് വെളിപ്പെടുത്താമോ ; പ്രവർത്തനം നിലച്ച ബാറുകളിലെല്ലാംകൂടി ജോലി നോക്കിവരുന്ന തൊഴിലാളികൾ എത്രയായിരുന്നുവെന്നും ഇവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ച നടപടി എന്തായിരുന്നുവെന്നും വിശദമാക്കാമോ ? | (സി) 421 ഹോട്ടലുകളുടെ ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഈ ബാർ ഹോട്ടലുകളുടെ ലൈസൻസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ